# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4944** **04.07.2012 -ൽ മറുപടിയ്ക്ക്**

**നികുതി വെട്ടിപ്പ് അന്വേഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നടന്ന അന്തർ സംസ്ഥാന വ്യാപാരത്തിലെ തിരിമറികളും സർക്കാർ ജീവനക്കാരുടെ ഒത്താശ യോടെ നടന്ന നികുതി വെട്ടിപ്പുകളും നിമിത്തം ഉണ്ടായ ആയിരത്തിഅഞ്ഞൂറ് കോടിയിൽപ്പരം രൂപയുടെ നികുതി വെട്ടിപ്പ് സംബന്ധിച്ച് സംസ്ഥാന നികുതി വകുപ്പി നെതിരെയുള്ള സി.എ.ജി. റിപ്പോർട്ടിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) | 2011 മാർച്ച് വരെയുള്ള സി.എ.ജി. റിപ്പോർട്ടാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ആയതിൽ ഇത്തരത്തിലുള്ള നികുതി വെട്ടിപ്പിനെ കുറിച്ച് പരാമർശിച്ചിട്ടില്ല. |
| (ബി) | അന്തർസംസ്ഥാന വ്യാപാര ഇടപാടുകളിൽ വ്യാജഫോറം 'സി' ഹാജരാക്കി കോടി-കളുടെ നികുതിവെട്ടിപ്പ് നടത്തിയിട്ടുള്ളതിന്മേലുള്ള അന്വേഷണ പുരോഗതി വിശദമാക്കുമോ ; | (ബി) | അന്തർ സംസ്ഥാന വ്യാപാര ഇടപാടുകളിലെ വ്യാജ ഫാറങ്ങൾ തിരിച്ചറിയുന്നതിലേക്കായി വാണിജ്യ നികുതി കമ്മീഷണറുടെ പ്രത്യേക ഉത്തരവിൻ പ്രകാരം നികുതി വകുപ്പ് ഉദ്യോഗസ്ഥൻമാർ സംഘങ്ങൾ രൂപീകരിച്ച് അന്യ സംസ്ഥാനങ്ങളിൽ കാലാകാലമായി നേരിട്ട് പോയി അന്വേഷണം നടത്തി വരുന്നുണ്ട്. ഇത്തരത്തിൽ അവസാനമായി അന്തർ സംസ്ഥാന അന്വേഷണം നടത്തിയത് 2011 ഡിസംബർ, 2012 ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ്. ഏറിയ തോതിൽ നികുതി വെട്ടിപ്പിന് വിധേയമാകുന്ന പ്ലൈവുഡിനേയും കശുവണ്ടിയേയും സംബന്ധിക്കുന്ന ഏകദേശം 22000 ഓളം ഫാറങ്ങൾ തരംതിരിക്കുകയും അവയിൽ 3000 ഓളം എണ്ണം ആദ്യപടിയായി ഗുജറാത്ത്, |

(...........2)

| | | | |
|---|---|---|---|
| | | | മഹാരാഷ്ട്ര, ഡൽഹി എന്നീ സംസ്ഥാനങ്ങളിൽ പോയി പരിശോധിക്കുകയും ചെയ്തു. ഇതിനോടകം പരിശോധന പൂർത്തീകരിച്ചതിൽ 930 ഫാറങ്ങൾ വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ പ്രധാനമായി കശുവണ്ടി, പ്ലൈവുഡ് മേഖലകളിലായി കേരളത്തിലെ 156 ഓളം വ്യാപാരികൾ കുറ്റം ചെയ്തിട്ടുള്ളതായും ഏകദേശം 4970 ലക്ഷം രൂപയുടെ വിറ്റുവരവിന്റെ വെട്ടിപ്പ് ഉൾപ്പെട്ടിട്ടുള്ളതായും കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അവർക്കെതിരെ മൂല്യവർദ്ധിതനികുതി നിയമപ്രകാരം പിഴ നടപടികളും, അസസ്മെന്റ് നടപടികളും നടത്തി വരുന്നു. കൂടാതെ വ്യാജ ഫാറം നൽകുന്നത് ഇന്ത്യൻ ശിക്ഷാനിയമ പ്രകാരം കുറ്റകരമാകയാൽ ബന്ധപ്പെട്ട വ്യാപാരികൾക്കെതിരെ പോലീസിൽ പരാതികൾ നൽകുവാനായി അസസ്സിംഗ് അതോറിറ്റികൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | അനുബന്ധവിഷയത്തിൽ അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ അടിയന്തര അന്വേഷണത്തിന് സർക്കാർ തയ്യാറാകുമോ ? | (സി) | ഉത്തരം 'ബി' യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ